(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു നൽ മൊത്തവ്യാപാര ലൈസൻസികളെ തെരഞ്ഞെടുക്കുന്നതു ഏതു തത്വം അടിസ്ഥാനമാക്കിയാണു";

(ബി) നമ്മുടെ സ്റ്റോറിൽ മാരോ ഡിസ്ട്രിക്കിലും ഏതു നൽ മൊത്തവ്യാപാരികൾ ഉണ്ടു";

(സി) ഓരോഡിസ്ട്രിക്കിലും ഒരു മാസത്തിൽ ശരാശരി എന്തുമാത്രം നൽ വിതരണം ചെയ്യപ്പെടുന്നുണ്ടു"?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ധനസ്ഥിതി, വ്യാപാരത്തിലുള്ള പൂർവ്വപരിചയം, സ്വഭാവം തുടങ്ങിയ അടിസ്ഥാനത്തിന്മേൽ.

(ബി) തൃശ്ശൂർ ഡിസ്ട്രിക്കു് 2
കോട്ടയം ഇല്ല
കൊല്ലം 1
തിരുവനന്തപുരം 1

(സി) അപ്പോഴപ്പോൾ വരുന്ന കോട്ടായുടെ അടിസ്ഥാനത്തിൽ വിതരണം നടത്തുന്നതിനാൽ കൃത്യമായി പറയാൻ നിവൃത്തിയില്ല.

ദുരിത നിവാരണം

*൪൫൫. (൧൩൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ദുരിതനിവാരണവും പുനഃസംവിധാനവും സംബന്ധിച്ചു് കഴിഞ്ഞ ബഡ്ജറ്റ് വർഷത്തിൽ പ്രത്യേക പരിപാടികൾ അംഗീകരിച്ചു പ്രവർത്തിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരിപാടികൾ ഏതെല്ലാം;

(സി) ഇതിൽ ഏതെല്ലാം പരിപാടികൾ വിജയത്തിലായി;

(ഡി) ഏതെല്ലാം പരിപാടികൾ പരാജയത്തിലായി?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) കഴിഞ്ഞ ബഡ്ജറ്റ് വർഷത്തിൽ യുദ്ധാനന്തര പുനഃസംവിധാനം സംബന്ധിച്ചു് ചില പരിപാടികൾ ഉണ്ടായിരുന്നു.

(ബി) ഭവനനിർമ്മാണ പദ്ധതി, കയർ സഹകരണസംഘങ്ങൾ, പട്ടുനൽ കൃഷി, പാൽപൊടി വിതരണം മുതലായവയും, മരാമത്തു ജനത്തിൽ പെരിഞ്ഞാണി സ്കീം, കനാൽ പരിഷ്കരണം ദേവികുളം, പീരിമേട് റോഡുപണി മുതലായവയും മേൽപറഞ്ഞ പരിപാടികളിൽ ഉൾപ്പെട്ട പദ്ധതികളാണു്. കൂടാതെ പല പുതിയ മരാമത്തു പദ്ധതികളെപ്പറ്റിയുള്ള അന്വേഷണങ്ങളും വിജയകരമായി പുരോഗമിച്ചിട്ടുണ്ടു്.

(സി–ഡി) പരിപാടികൾ എല്ലാംതന്നെ ഏറെക്കുറെ വിജയിച്ചിട്ടുണ്ടു്.

ഭൂമി പതിവു്

*൪൫൬. (൧൪൪) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വിളവങ്കോട് താലൂക്കിൽ കളിയിൽ പകുതിയിൽ സർവ്വെ വയൻ ൽപെട്ട സൗജന്യപ്രതിവുഭൂമി പേരിൽ പതിവുകാരിൽനിന്നും അന്യാധീനത്തിലാകാൻ ഇടയായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly